**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2098** **30-07-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന പട്ടികജാതി വികസന കോർപ്പറേഷനിലെ ഓഫീസ് അറ്റൻഡന്റ് തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | സംസ്ഥാന പട്ടികജാതി വികസന കോർപ്പറേഷനിൽ വിവിധ ഓഫീസുകളിലായി ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്; ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാത്ത എത്ര ഒഴിവുകളുണ്ട്; റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ ഏതെല്ലാം ഓഫീസുകളിലാണ് നിലവിലുള്ളതെന്ന് ഓഫീസ് തിരിച്ച് വ്യക്തമാക്കുമോ; | (എ) | പ്യൂൺ ഗ്രേഡ് -2 തസ്തികയിൽ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിരുന്ന 9 ഒഴിവുകളിൽ, പി.എസ്.സി. ശുപാർശ ചെയ്തത് അനുസരിച്ച് 9 പേർക്കും നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. 01.07.2021 ന് നിലവിൽ വന്ന ഒരു ഒഴിവ് 23.07.2021 ന് പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ നിലവിലില്ല. |
| (ബി) | പ്രസ്തുത തസ്തികയിൽ 31.12.2021 വരെ പ്രതീക്ഷിത ഒഴിവുകൾ എത്രയാണ്; ഏതെല്ലാം തീയതികളിൽ എത്ര ഒഴിവുകൾ ഏതെല്ലാം ഓഫീസുകളിൽ നിലവിൽ വരുമെന്ന് അറിയിക്കുമോ; ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | 31.12.2021 വരെ പ്യൂൺ ഗ്രേഡ്-2 തസ്തിയിൽ ഒഴിവുകൾ ഒന്നുംതന്നെയില്ല. |
| (സി) | പ്രസ്തുത സ്ഥാപനത്തിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിലവിലുള്ള എല്ലാ ഒഴിവുകളും അടിയന്തരമായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകുമോ? | (സി) | റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ നിലവിലില്ല. |

സെക്ഷൻ ഓഫീസർ